## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1997** **7/07/2015-ൽ മറുപടിക്ക്**

## ജല വൈദ്യുതപദ്ധതികൾ

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജല വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്തു എന്ന് വിശദമാക്കാമോ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 മെഗാവാട്ട് വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | റാന്നി- പെരുനാട് SHEP | 4 MW |
| 2 | പീച്ചി SHEP | 1.25 MW |
| 3 | വിലങ്ങാട് SHEP | 7.5 MW |
| 4 | ചിമ്മിനി SHEP | 2.5 MW |
| | ആകെ | 15.25 MW |

കൂടാതെ പൊരിങ്ങൽകുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി 9 MW-ന്റെ സ്ഥാപിത ശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജല വൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്.

കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1kW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ